ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.01.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഭഗവാൻ ശ്രീബുദ്ധൻ പകർന്നു നൽകിയ മാനവികതയുടെ പാത കാലാതീതമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ശ്രീബുദ്ധൻറെ പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനത്തിന് ന്യൂഡൽഹിയിൽ തുടക്കമായി.

   **Prime Minister Narendra Modi said the wisdom of Lord Buddha and the path shown by him are for all humanity and are timeless. PM inaugurates Grand International Exposition of Sacred Piprahwa Relics in New Delhi.**

2. അശ്ലീല ഉള്ളടക്കം നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് സമൂഹ മാധ്യമമായ എക്സിന് ഇലക്ട്രോണിക്സ് വിവര സാങ്കേതിക മന്ത്രാലയത്തിൻറെ നോട്ടീസ്.

   **Centre issues notice to social media platform 'X' over obscene content targeting women, and children on AI tool Grok.**

3. പശ്ചിമ ബംഗാളിൽ വോട്ടർ പട്ടികയിലെ ക്രമക്കേടിനെ തുടർന്ന് സസ്പെൻഷനിലായ ഉദ്യോഗസ്ഥർക്കെതിരെ എഫ് ഐ ആർ രജിസ്റ്റർ ചെയ്യാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം.

   **EC directs West Bengal election authorities to file FIRs against five suspended officials over electoral roll irregularities.**

4. കേരളത്തിൽ എസ് ഐ ആറിൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയിലെ ഹിയറിങ്ങ് ജനങ്ങൾക്ക് ബുദ്ധിമുട്ട്

ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

**Chief Electoral Officer Ratan U. Kelkar said that the hearing on the draft voters' list, as part of SIR in Kerala, will be conducted in a manner that does not cause inconvenience to the public.**

5. കനത്ത മൂടൽമഞ്ഞിനെ തുടർന്ന് ഡൽഹി, ഹരിയാന, പഞ്ചാബ്, ചണ്ഡീഗഡ് എന്നിവിടങ്ങളിൽ ചുവപ്പ് ജാഗ്രത. വായുഗുണനിലവാരം മെച്ചപ്പെട്ടതോടെ ഡൽഹിയിൽ നിയന്ത്രണങ്ങളിൽ ഇളവ്.

   **IMD issues red alert for dense to very dense fog conditions over Delhi, Haryana, Punjab and Chandigarh. As the air quality showing a marked improvement across Delhi Stage-III of GRAP Revoked with immediate effect.**

6. ദക്ഷിണാഫ്രിക്കെതിരായ അണ്ടർ 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് ബാറ്റിംഗ്.

   **India will bat in the first match of the Under-19 men's One Day International series against South Africa.**

*******************************************

## PM - PIPRAHWA (INTRO)

ഭഗവാൻ ബുദ്ധൻ പകർന്നു നൽകിയ മാനവികതയുടെ പാത കാലാതീതമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ റായ് പിത്തോറ സാംസ്കാരിക സമുച്ചയത്തിൽ ശ്രീബുദ്ധനുമായി ബന്ധപ്പെട്ട പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭഗവാൻ ബുദ്ധനുമായി ബന്ധപ്പെട്ട തിരുശേഷിപ്പുകൾ പ്രതീക്ഷയുടെ കിരണങ്ങളാണ് നൽകുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

ന്യൂഡൽഹി നാഷണൽ മ്യൂസിയത്തിന്റെയും കൊൽക്കത്ത ഇന്ത്യൻ മ്യൂസിയത്തിന്റെയും ശേഖരങ്ങളിൽ സൂക്ഷിച്ചിരുന്ന പിപ്രാഹ്വ ചരിത്ര അവശിഷ്ടങ്ങളും പുരാ വസ്തുക്കളും ഉൾപ്പെടുത്തിയ പ്രദർശനവേദി പ്രധാനമന്ത്രി സന്ദർശിച്ചു. 1898-ലാണ് പിപ്രാഹ്വ തിരുശേഷിപ്പുകൾ കണ്ടെത്തിയത്.

********************************

## ISSUED NOTICE

അശ്ലീല ഉള്ളടക്കം നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് സമൂഹ മാധ്യമമായ എക്സിന് ഇലക്ട്രോണിക്സ് വിവര സാങ്കേതിക മന്ത്രാലയത്തിൻറെ നോട്ടീസ്. വ്യാജ അക്കൗണ്ടുകളിലൂടെ സ്ത്രീകളുടെ അശ്ലീല ചിത്രങ്ങളും വീഡിയോകളും പ്രദർശിപ്പിക്കുന്നതിനും പങ്കിടുന്നതിനും ഉപയോക്താക്കൾ ഗ്രോക്ക് എഐയുടെ സേവനം ദുരുപയോഗം ചെയ്യുന്നുണ്ടെന്ന് എക്സിൻറെ ഇന്ത്യയിലെ മുഖ്യ ഓഫീസർക്ക് അയച്ച കത്തിൽ മന്ത്രാലയം അറിയിച്ചു. 2000 ലെ വിവര സാങ്കേതിക വിദ്യ നിയമം, 2021 ലെ ഐടി നിയമങ്ങൾ എന്നിവയ്ക്ക് കീഴിലുള്ള വ്യവസ്ഥകൾ എക്സ് പ്ലാറ്റ്ഫോം പാലിക്കുന്നില്ലെന്നും കത്തിൽ അറിയിച്ചിട്ടുണ്ട്.

********************************

## JITENDRA SINGH

ബഹിരാകാശം, സമുദ്രം, ബയോടെക്നോളജി, ശുദ്ധ ഊർജ്ജം തുടങ്ങിയ മേഖലകൾ അടുത്ത രണ്ട് ദശകങ്ങളിൽ രാജ്യത്തിൻറെ പുരോഗതിക്ക് നേതൃത്വം നൽകുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. സ്വകാര്യമേഖലയിലെ ഗവേഷണ വികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ പ്രധാന ഘടകമാണ് ഗവേഷണ വികസന നവീകരണ ഫണ്ടെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ബഹിരാകാശ യാത്രയ്ക്കും ആഴക്കടൽ

പര്യവേക്ഷണത്തിനും രാജ്യം തയ്യാറെടുക്കുകയാണെന്നും ശ്രീ.ജിതേന്ദ്ര സിംഗ് അറിയിച്ചു.

********************************

## KOLKATA FIR

പശ്ചിമ ബംഗാളിൽ വോട്ടർ പട്ടികയിൽ വ്യാജ പേരുകൾ ചേർത്തതിനെ തുടർന്ന് സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എഫ് ഐ ആർ രജിസ്റ്റർ ചെയ്യാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ അധികാരികൾക്ക് നിർദ്ദേശം നൽകി. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനിടെ വോട്ടർപട്ടികയിൽ വ്യാജ പേരുകൾ ചേർത്തതിന് അഞ്ച് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാനും എഫ് ഐ ആർ രജിസ്റ്റർ ചെയ്യാനും തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ എഫ് ഐ ആർ രജിസ്റ്റർ ചെയ്യാത്തതിനെ തുടർന്ന് കമ്മീഷൻ സ്വമേധയാ നടപടി കൈക്കൊള്ളുകയായിരുന്നു.

********************************

## VAISHNAW-MODULAR NUCLEAR

ഡാറ്റാ സെന്ററുകളുടെ വർധിച്ചുവരുന്ന ഊർജാവശ്യങ്ങൾ നിറവേറ്റുന്നതിന് ചെറുകിട മോഡുലാർ ആണവ റിയാക്ടറുകൾ പ്രായോഗിക പരിഹാരമാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. മേഖലയിലെ നൂതനാശയങ്ങൾ വെറും 14 ഏക്കർ സ്ഥലത്ത് ആണവ നിലയങ്ങൾ സ്ഥാപിക്കാൻ വഴിയൊരുക്കും. ഇതിലൂടെ ഡാറ്റാ സെന്ററുകൾക്കു പുറമേ റെയിൽ ആവശ്യങ്ങൾക്കും ആണവ ഊർജം ഉപയോഗിക്കാനാകുമെന്നും ശ്രീ. അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ പറഞ്ഞു.

********************************

## PM- SAVITRIBAI PHULE

സാവിത്രിഭായി ഫൂലെയുടെ ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിജ്ഞാനം, വിദ്യാഭ്യാസം എന്നിവയിലൂടെ പരിവർത്തനം കൊണ്ടുവരുന്നതിലാണ് സാവിത്രിഭായി ഫൂലെ ശ്രദ്ധ കേന്ദ്രീകരിച്ചതെന്നും അദ്ദേഹം അനുസ്മരിച്ചു.

*********************************

## INDORE CONTAMINATED WATER

മധ്യപ്രദേശിലെ ഇൻഡോറിൽ, കുടിവെള്ളത്തിൽ മാലിന്യം കലർന്ന സംഭവത്തിൽ സ്വീകരിച്ച തുടർ നടപടികൾ മുഖ്യമന്ത്രി മോഹൻ യാദവ് അവലോകനം ചെയ്തു. ഇൻഡോർ മുനിസിപ്പൽ കമ്മീഷണർക്കും അഡീഷണൽ കമ്മീഷണർക്കും കാരണം കാണിക്കൽ നോട്ടീസ് നൽകാൻ നിർദേശം നൽകി. അഡീഷണൽ കമ്മീഷണറെ ഉടനടി സ്ഥലം മാറ്റാനും നിർദ്ദേശം നല്കിയിട്ടുണ്ട്. സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും അദ്ദേഹം അറിയിച്ചു.

*********************************

## C-GARH-MAOISTS KILLED

ഛത്തിസ്ഗഢിലെ ബിജാപുർ ജില്ലയിൽലുണ്ടായ ഏറ്റുമുട്ടലിൽ സുരക്ഷാ സേന രണ്ട് മാവോയിസ്റ്റുകളെ വധിച്ചു. ബസഗുഡ പ്രദേശത്ത് മാവോയിസ്റ്റ് സാന്നിധ്യമുണ്ട് എന്ന വിവരത്തെ തുടർന്ന് ജില്ലാ റിസർവ്വ് ഗാർഡ് സംഘം തിരച്ചിൽ നടത്തുകയായിരുന്നു. വെടിവെയ്പ്പിനൊടുവിലാണ് മാവോയിസ്റ്റുകളെ വധിച്ചത്.

*********************************

## YEAR OF REFORMS

ഇന്ത്യയുടെ വികസനയാത്രയിലെ നിർണായക അധ്യായമായിരുന്നു 2025. സമത്വം, നവീകരണം, സാങ്കേതികവിദ്യ തുടങ്ങിയവയിൽ രാജ്യത്തിന് ആഗോള ശ്രദ്ധ ലഭിച്ച വർഷമാണ് 2025. ലോകത്തിലെ ഏറ്റവും തുല്യതയുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയെ ലോകബാങ്ക് ഉൾപ്പെടുത്തിയും സാമൂഹിക സംരക്ഷണ കവറേജ് 64.3 ശതമാനമായി ഉയർന്നതായി അന്താരാഷ്ട്ര തൊഴിൽ സംഘടന റിപ്പോർട്ട് ചെയ്തതും ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യയ്ക്ക് ലഭിച്ച യുനെസ്കോ അംഗീകാരങ്ങളും ആഗോള ഇന്നൊവേഷൻ സൂചികയിൽ 38-ാംം സ്ഥാനത്തേക്കുള്ള രാജ്യത്തിൻറെ ഉയർച്ചയും സാംസ്കാരിക നവീകരണം മെച്ചപ്പെടുത്തിയതിന് ഉദാഹരണമാണ്.

*********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*********************************

## CEO – KERALA

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയിലെ ഹിയറിങ്ങ് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാന തല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ശാരീരിക ബുദ്ധിമുട്ട് ഉള്ളവർക്കും പ്രായമായവർക്കും പ്രവാസികൾക്കും നേരിട്ട് വരാതെ

തന്നെ ഹിയറിങ്ങ് നടത്താൻ സൗകര്യം ഒരുക്കുമെന്നും ശ്രീ രത്തൻ യു കേൽക്കർ അറിയിച്ചു. ഈ മാസം 22 വരെയാണ് കരട് പട്ടികയിൻ മേലുള്ള പരാതികൾ സമർപ്പിക്കാനുള്ള സമയപരിധി.

*******************************

## EVM - VVPAT

വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന ഇവിഎം, വിവിപാറ്റ് യന്ത്രങ്ങളുടെ പ്രാഥമിക തല പരിശോധന വിവിധ ജില്ലകളിലെ കളക്ടറേറ്റുകളിൽ ആരംഭിച്ചു. ഫെബ്രുവരി 16 വരെയാണ് പരിശോധന. പരിശോധനയിൽ അംഗീകൃത രാഷ്ട്രീയ കക്ഷികളുടെ സാന്നിധ്യം ഉറപ്പാക്കാൻ കളക്ടർമാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

*******************************

## CRICKET U-19

ദക്ഷിണാഫ്രിക്കെതിരായ അണ്ടർ 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് ബാറ്റിംഗ്. ടോസ് നേടിയ ദക്ഷിണാഫ്രിക്ക ഫിൽഡിങ് തിരഞ്ഞെടുക്കുകയായിരുന്നു. ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ ഇന്ത്യ 11 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 60 റൺ എടുത്തിട്ടുണ്ട്. മൂന്ന് മത്സരങ്ങളുള്ള പരമ്പര ദക്ഷിണാഫ്രക്കയിലാണ് നടക്കുന്നത്.

*******************************

## RASHTRAPATI NILAYAM - UDYAN UTSAV (INTRO)

ഉദ്യാൻ ഉത്സവ് രണ്ടാം പതിപ്പിന് സെക്കന്തരാബാദിലെ രാഷ്ട്രപതി നിലയത്തിൽ ഇന്ന് തുടക്കമാകും. പൊതുജനപങ്കാളിത്തവും പരിസ്ഥിതി അവബോധവും പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായാണ് പരിപാടി. **വിശദാംശങ്ങളിലേക്ക്....**

**(വോയിസ്)**

രാഷ്ട്രപതി നിലയത്തിൽ ഈ മാസം 11 വരെ എല്ലാദിവസവും രാവിലെ 10 മുതൽ വൈകുന്നേരം 8 മണിവരെയാണ് പൊതുജനങ്ങൾക്ക് പ്രവേശനം. സന്ദർശകർക്ക് രാഷ്ട്രപതി ഭവൻറെ ഔദ്യോഗിക വെബ്സൈറ്റ് വഴിയോ വിസിറ്റർ ഫെസിലിറ്റേഷൻ സെൻററിൽ സജ്ജീകരിച്ചിരിക്കുന്ന കിയോസ്ക്കുകൾ മുഖേനയോ രജിസ്റ്റർ ചെയ്യാം. കേന്ദ്ര കാർഷിക മന്ത്രാലയത്തിൻറെ സഹകരണത്തോടെയാണ് രാഷ്ട്രപതി നിലയം ഉദ്യാൻ ഉത്സവ് പരിപാടി സംഘടിപ്പിക്കുന്നത്. മൺപാത്ര നിർമ്മാണം, വെജിറ്റബിൾ കാർവിംഗ് തുടങ്ങിയ പ്രായോഗിക പ്രവർത്തനങ്ങളുടെ പ്രദർശനങ്ങൾക്കൊപ്പം, പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച് യുവ മനസ്സുകളെ ബോധവൽക്കരിക്കുന്ന കമ്മ്യൂണിറ്റി എൻഗേജ്മെൻറ് പരിപാടിയും ഈ പതിപ്പിൻറെ പ്രധാന ആകർഷണമാണ്.

**ന്യൂസ് ഡസ്ക്, ആകാശവാണി...**

**********************************

## IMD–WARNING

കനത്ത മൂടൽമഞ്ഞിനെ തുടർന്ന് രാജ്യതലസ്ഥാനമായ ഡൽഹി, ഹരിയാന, പഞ്ചാബ്, ചണ്ഡീഗഡ് എന്നീ സംസ്ഥാനങ്ങളിൽ കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. അതെ സമയം വായുഗുണനിലവാരം മെച്ചപ്പെട്ടതോടെ ഡൽഹിയിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളിൽ സർക്കാർ ഇളവ് വരുത്തി. ദേശീയ തലസ്ഥാനത്ത് ശരാശരി വായുഗുണനിലവാര സൂചിക 222 ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

**********************************

## SABARIMALA – GOLD

കേരളത്തിൽ, ശബരിമല സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് ഗൂഢാലോചനയിൽ പങ്കില്ലെന്ന് അറിയിച്ച് ദേവസ്വം ബോർഡ് മുൻ പ്രസിഡൻ്റ് N വാസു സുപ്രീം കോടതിയിൽ ജാമ്യാപേക്ഷ നൽകി.

അന്വേഷണവുമായി പൂർണമായും സഹകരിക്കുന്നുണ്ടെന്നും ഹർജിയിൽ പറയുന്നു.

********************************

## ANTONY RAJU – COURT

തൊണ്ടിമുതൽ കേസിൽ മുൻ മന്ത്രി ആന്റണി രാജു കുറ്റക്കാരനെന്ന് തിരുവനന്തപുരം നെടുമങ്ങാട് മജിസ്ട്രേറ്റ് കോടതി. കുറ്റപത്രം സമർപ്പിച്ച് 19 വർഷങ്ങൾക്ക് ശേഷം കേസിൽ ആന്റണി രാജു കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തുകയായിരുന്നു. ലഹരിമരുന്ന് കേസിലെ പ്രതിയെ രക്ഷപ്പെടുത്താൻ അന്ന് അഭിഭാഷകനായിരുന്ന ശ്രീ ആൻറണി രാജു തൊണ്ടിമുതലിൽ കൃത്രിമം നടത്തിയെന്നായിരുന്നു കേസ്.

********************************

## V. SIVANKUTTY–K.TET

കേരളത്തിലെ സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമങ്ങൾക്കും സ്ഥാനക്കയറ്റങ്ങൾക്കും കെ ടെറ്റ് നിർബന്ധമാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ ഉത്തരവ് മരവിപ്പിച്ചതായി വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. വിഷയം മനസ്സിലാക്കാതെയാണ് അധ്യാപക സംഘടനകളുടെ പ്രതിഷേധമെന്നും, കെ- ടെറ്റ് നിർബന്ധമാക്കിയ സുപ്രീം കോടതി ഉത്തരവിനെതിരെ പുനപരിശോധനാ ഹർജി സമർപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

*************************************************************************************************************

********